കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# കൊണ്ടോട്ടി നഗരസഭ
## ഓഡിറ്റ് റിപ്പോർട്ട്
## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എം.പി.എം25/2360 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി 4-12-2017

സിനീയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

കൊണ്ടോട്ടി നഗരസഭ

സർ,

വിഷയം : കൊണ്ടോട്ടി നഗരസഭ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

……..

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടോട്ടി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in /esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 22,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം

3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട്

4)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-എം.പി.എം25/2360 /2017 തിയ്യതി: 4-12-2017

# മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 06-01-2017 മുതൽ 17-10-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വി. കെ. ഷാജി<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-10-2017 മുതൽ<br>28-10-2017വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള എ.സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |
| ശ്രീ. ബിജേഷ്.എ.എസ് | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ്.എ.കെ | ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

ചെയർമാൻ

| | |
|---|---|
| ശ്രീ. വി. കെ. നാടികുട്ടി | 01-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ആർ. അനിൽകുമാർ,<br>അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറി ഇൻ ചാർജ്) | 01.04.2016 മുതൽ<br>05.01.2017 വരെ |
| ശ്രീ. മമ്മദ് അബ്ദുൽ ലത്തീഫ്.എൻ,<br>ഹെഡ് ക്ളാർക്ക് (സെക്രട്ടറി ഇൻ ചാർജ്) | 06.01.2017 മുതൽ<br>27.01.2017 വരെ |
| ശ്രീ.സുനിൽകുമാർ.ബി,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>(സെക്രട്ടറി ഇൻ ചാർജ്) | 28.01.2017 മുതൽ<br>14.03.2017 വരെ |
| ശ്രീ. ഫിറോസ് ഖാൻ. എ | 15.03.2017 മുതൽ<br>31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബീന നായർ | 01.04.2016 മുതൽ 10.02.2017 FN വരെ |
| | ശ്രീമതി.സൈഫുന്നീസ.ടി.കെ | 10.02.2017 AN മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. നാരായണൻ | 01.04.2016 മുതൽ<br>31.03.2017 വരെ |
| ICDS ഓഫീസർ<br>(സി.ഡി.പി.ഒ) | ശ്രീമതി. രശ്മി.കെ | 01.04.2016 മുതൽ<br>13.12.2016 വരെ |
| | ശ്രീമതി.ജയശ്രീ .പി.കെ<br>(ഇൻചാർജ്) | 14.12.2016 മുതൽ<br>31.03.2017 വരെ |
| പ്രിൻസിപ്പാൾ | ശ്രീ. ഗിരീഷ് കുമാർ | 01.04.2016 മുതൽ<br>31.03.2017 വരെ |
| മെഡിക്കൽ<br>ഓഫീസർ<br>(സി. എച്ച്. സി. ) | ഡോ. സുരേഷ്ബാബു.സി | 01.04.2016 മുതൽ<br>31.03.2017 വരെ |
| മെഡിക്കൽ<br>ഓഫീസർ<br>(ആയുർവേദം) | ഡോ.ഷെബിൻ. പി. എ. | 01.04.2016 മുതൽ<br>31.03.2017 വരെ |
| മെഡിക്കൽ<br>ഓഫീസർ<br>(ഹോമിയോ) | ഡോ. മോഹൻകുമാർ | 01.04.2016 മുതൽ<br>31.03.2017 വരെ |
| | ഒഴിവ് | 01-04-2016 മുതൽ<br>28-9-2016 വരെ |
| ഹെൽത്ത്<br>ഇൻസ്പെക്ടർ | ശ്രീ. അബ്ദുസ്സലാം.കെ | 29.09.2016 മുതൽ<br>31.03.2017 വരെ |
| അസിസ്റ്റന്റ്<br>എഞ്ചിനിയർ | ശ്രീമതി.ജംഷീറ. പി | 01.04.2016 മുതൽ<br>04.05.2016 വരെ |
| | ശ്രീ.ചാൾസ് റാഫി.എ | 05.05.2016 മുതൽ<br>31.07.2016 വരെ |
| | ശ്രീ.സുനിൽകുമാർ.ബി | 01.08.2016 മുതൽ<br>31.03.2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ഡി&ഒ ലൈസൻസ് - അപാകതകൾ | 2-1 | |
| 13 | തൊഴിൽ നികുതി-അപാകതകൾ | 2-2 | |
| 14 | പരസ്യ നികുതി പിരിവ് - അപാകതകൾ | 2-3 | |
| 15 | ബിൽഡിംഗ് പെർമിറ്റ് ഫീ തെറ്റായി ഈടാക്കി | 2-4 | |
| 16 | നിർമ്മാണ ക്രമവൽക്കരണം - അപാകതകൾ | 2-5 | |
| 17 | ഉമ്മാത്തുക്കുട്ടി, w/o ആലിപ്പു എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടവും സ്ഥലവും സംബന്ധിച്ച് | 2-6 | |
| 18 | ക്വാർട്ടേഴ്സുകളെ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ വസ്തുനികുതി ഈടാക്കി | 2-7 | |
| 19 | മൊബൈൽ ടവറുകളുടെ പെർമിറ്റ് സംബന്ധിച്ച് | 2-8 | |
| 20 | കെട്ടിട വാടക – രേഖകൾ അപൂർണ്ണം | 2-9 | |
| 21 | പരസ്യം സ്ഥാപിക്കുന്നത് - ഫീസ് ഈടാക്കിയിട്ടില്ല. | 2-10 | |
| 22 | ലേല തുക അടവാക്കിയിട്ടില്ല. | 2-11 | |
| 23 | കെട്ടിട വാടക –യഥാസമയം തീരുമാനം എടുത്തില്ല ₹ 19200 നഷ്ടം | 2-12 | |
| ഭാഗം III<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 24 | പരിരക്ഷാ പദ്ധതി ചെലവ് : വൗച്ചറുകൾ പൂർണ്ണമായി ഹാജരാക്കിയില്ല | 3-1 | |
| 25 | മുനിസിപ്പാലിറ്റി വാഹനം-അപാകതകൾ | 3-2 | |
| 26 | മരാമത്ത് പ്രവൃത്തി- അവലോകനം | 3-3 | |
| 27 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-4 | |
| 28 | പിഴ ഈടാക്കുന്നില്ല | 3-5 | |

| | | | |
|---|---|---|---|
| 29 | ടെണ്ടർ പ്രവൃത്തികൾ - അപാകതകൾ | 3-6 | |
| 30 | എസ്റ്റിമേറ്റ് പ്രകാരമല്ലാതെ പ്രവൃത്തി നടത്തി-₹ 19472 നഷ്ടം | 3-7 | |
| 31 | ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല | 3-8 | |
| 32 | മരാമത്ത് പ്രവൃത്തിക്ക് -അധികം നിരക്ക് നൽകി ₹ 16560 നഷ്ടം | 3-9 | |
| 33 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- സർക്കാർ ഉത്തരവ് പാലിച്ചില്ല | 3-10 | |
| 34 | കൗൺസിൽ തീരുമാനം നടപ്പാക്കിയ വിവരം ലഭ്യമല്ല | 3-11 | |
| 35 | നിർമാണതൊഴിലാളി ക്ഷേമനിധി -അടവ് വിവരം ലഭ്യമല്ല | 3-12 | |
| 36 | നിർവഹണോദ്യോഗസ്ഥർക്ക് ബാങ്ക് അക്കൗണ്ട്- മുനിസിപ്പൽ അക്കൗണ്ട് ചട്ടത്തിന് വിരുദ്ധം | 3-13 | |
| 37 | അംഗൻവാടി അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | 3-14 | |
| 38 | ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് - പ്രൊജക്ട് അപാകതകൾ | 3-15 | |
| 39 | എൽ.എസ്.എസ് - യു.എസ്.എസ് പരിശീലനം അപാകതകൾ | 3-16 | |
| 40 | മുൻകൂർ തുക ക്രമീകരിച്ചില്ല | 3-17 | |
| 41 | ന്യൂട്രിമിക്സ് -ഗുണനിലവാരപരിശോധന കൃത്യമായി നടത്തുന്നില്ല | 3-18 | |
| 42 | എസ്.എസ്.എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-19 | |
| 43 | വിവിധ പദ്ധതികൾ തുടർ നടപടി വിവരം ഇല്ല | 3-20 | |
| 44 | ചെലവ് രേഖകൾ ലഭ്യമല്ല | 3-21 | |
| 45 | വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 3-22 | |
| 46 | ചെലവ് രേഖകൾ ലഭ്യമല്ല | 3-23 | |
| 47 | മരുന്നുകൾ ലഭ്യമായില്ല | 3-24 | |
| ഭാഗം IV<br><br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 49 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 51 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 52 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 53 | ഓഡിറ്റ് റിക്കവറി | 4-6 | |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 55 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 56 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17ലെ ബജറ്റ് 15.03.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 20-08-17 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19-10-2017 മുതൽ 28-10-2017 വരെ | കെ.എസ്.എ.എം.പി.എം 25/ 2360/2017 തീയതി: |

അപാകതകൾ

1) 2015-16 ലെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ അപാകതകളും പരിഹരിച്ചിട്ടില്ല.
2)തനത് ഫണ്ടിനായി ഒന്നിലേറെ അക്കൗണ്ടുകൾ നിലനിർത്തുന്നു. ഇത് അക്കൗണ്ടിംഗ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.
3)ഒരോ മാസവും 10-ാം തിയ്യതിക്കകം കഴിഞ്ഞ മാസത്തെ രശീത് ആന്റ് പേമെന്റ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിക്കുന്നതിൽ വ സമയ ക്ലിപ്തത പാലിക്കുന്നില്ല.
4) ധനകാര്യവർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
5) അക്രുവൽ അടിസ്ഥാനത്തിലെക്ക് മാറുന്ന തൊട്ടുമുൻപുള്ള മാർച്ച് മാസത്തെ മുഴുവൻ സ്ഥാവര ജഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
6) വികസന ഫണ്ട് (എസ്.സി.പി), ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളുടെ കാര്യത്തിൽ എ.എഫ്.എസിലെ രേഖകളും, എ.സി.ആർ രേഖകളും തമ്മിൽ പൊരുത്തക്കേടുണ്ട്.

| | എ.എഫ്.എസ് പ്രകാരം | എ.സി. ആർ പ്രകാരം |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 5665140 | 7905140 |
| ധനകാര്യ കമ്മീഷൻ | 4393608 | 4493608 |

7) ബാലൻസ് ഷീറ്റിലെ B18 ഷെഡ്യൂളിൽ പെർമനന്റ് അഡ്വാൻസ് (PA) രേഖപ്പെടുത്തുന്നില്ല.
8) ഡയറക്റ്റ് ബെനഫിറ്റ് ട്രാൻസ്ഫർ (DBT) വഴി മാറുന്ന പെൻഷൻ തുകകൾ - വികലാംഗ പെൻഷൻ, വാർദ്ധക്യ പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.
9) നികുതി-നികുതിയേതര വരവുകളുടെ ഡി.സി.ബി രേഖകൾ നിലനിർത്തുന്നില്ല. ഇതുകാരണം യഥാർത്ഥ ഡിമാന്റും, കളക്ഷനും, കുടിശ്ശികയും തിട്ടപ്പെടുത്താനാവുന്നില്ല.
10) വരവിനങ്ങളുടെ കാര്യത്തിൽ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പെയ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് (ഐ & ഇ | കളക്ഷൻ (ആർ & | ബാലൻസ് (ബാലൻസ് | അഡ്വാൻസ് കളക്ഷൻ |
|---|---|---|---|---|

| | സ്റ്റേറ്റ്മെന്റ് പ്രകാരം) | പി സ്റ്റേറ്റ്മെന്റ് പ്രകാരം) | ഷീറ്റ് പ്രകാരം) | (2015-16 ലെ ആർ & പി സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|---|---|
| തൊഴിൽ നികുതി (സ്ഥാപനങ്ങൾ) | 1160970 | 1113400 | - | 600 |
| പരസ്യ നികുതി | 1,95,000 | 1,15,000 | 10,000 | - |

11) സ്ഥിര നിക്ഷേപങ്ങളുടെ കാര്യത്തിൽ നഗരസഭയിൽ നിന്ന് ലഭ്യമാക്കിയ പ്രൊഫോർമ പ്രകാരമുള്ള വിവരങ്ങളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തക്കേടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| ഇനം | വർഷം 2016-17 |
|---|---|
| മുന്നിരിപ്പ് | 30473837.82 |
| വരവ് | 96373905 |
| ആകെ | 126847742.82 |
| ചെലവ് | 74834962 |
| നീക്കിയിരിപ്പ് | 52012780.82 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19441993 | 19441993 | 14089182 | 5352811 | 72 |
| വികസനഫണ്ട് എസ്.സി.പി. | 0 | 13373940 | 13373940 | 7905140 | 5468800 | 59 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 268935 | 268935 | 268935 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12924633 | 12924633 | 7939620 | 4985013 | 61 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5349567 | 5349567 | 3921729 | 1427838 | 73 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5102226 | 5102226 | 4493608 | 608618 | 88 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4415160 | 4415160 | 550000 | 3865160 | 12.4 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 379 | 145948809 | 136 | 48023370 | 15 | 228 | 35.88 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

കൊണ്ടോട്ടി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ തനത് വരുമാനം താഴെ പറയും പ്രകാരമാണ്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4772904 | 19987008 | 15214104 | 319 |
| നികുതിയേതര വരവുകൾ | 1290975 | 5071900 | 3780925 | 293 |
| മറ്റു വരവുകൾ | 476950 | 746502 | 269552 | 56 |
| ആകെ | 6540829 | 25805410 | 19264581 | 294 |

കുറിപ്പ്- 2015-16 സാമ്പത്തിക വർഷത്തെ വരുമാന കണക്കുകൾ ലഭ്യമാക്കാത്തതിനാൽ 2015-16 ലെ എ.എഫ്. എസ് പ്രകാരമുളള രേഖകളാണ് ചേർത്തിട്ടുളളത്.

## 1-8 ക്ഷേമപദ്ധതികൾ

2016-17 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 494000 | 258 |
| കർഷക തൊഴിലാളി പെൻഷൻ | 4431900 | 2448 |
| വിധവാ പെൻഷൻ | 16626270 | 7739 |
| വാർദ്ധക്യകാല പെൻഷൻ | 42940815 | 8055 |
| വികലാംഗ പെൻഷൻ | 5797835 | 2729 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 466000 | 199 |
| വിവാഹ ധനസഹായം | 90,000 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-10-2017ന് രാവിലെ 10:30-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. വരവിന്റെ അതേ ദിവസം തന്നെ ബാങ്കിലേക്കുള്ള പണമടവ് നടത്തുന്നതിനാൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

സർക്കാർ ഉത്തരവ് 177/2006 ഫിൻ, തിയ്യതി: 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവ്വഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), കൃഷി ഓഫീസർ, പ്രിൻസിപ്പാൾ എന്നിവർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രിൻസിപ്പാൾ സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംകുംബൻസി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല. സാംഖ്യാ സഞ്ജയ സോഫ്റ്റ് വെയർ ലിങ്കിംഗ്(മാപ്പിംഗ്) പൂർത്തീകരിച്ചിട്ടില്ല.
കൂടാതെ ഓഡിറ്റിന് ഹാജരാക്കപ്പെട്ട കാഷ് ബുക്ക്, ബാങ്ക് ബുക്ക് പോലെയുള്ള പ്രധാനപ്പെട്ട രേഖകളിൽ സെക്രട്ടറിയും, അക്കൗണ്ടന്റും യഥാസമയം സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നടത്തിയിട്ടില്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നടത്തിയിട്ടില്ല | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് - അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ അപേക്ഷകരിൽ നിന്നും 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടികകൾ പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. മുനിസിപ്പാലിറ്റി പരിധിയിലെ സ്ഥാപനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് നിരക്കിലുള്ള കുറഞ്ഞ ഫീസ് ഈടാക്കിയാണ് ലൈസൻസ് അനുവദിച്ചത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. മിക്ക അപേക്ഷകളിലും പ്രസക്ത ഭാഗങ്ങളായ അന്വേഷണ റിപ്പോർട്ട്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ്, സെക്രട്ടറിയുടെ ഒപ്പ് തുടങ്ങിയവ രേഖപ്പെടുത്തിയതായും കാണുന്നില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന്റെ മുൻപായി ചട്ടം 4ൽ പരാമർശിച്ച പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതും പരസ്യം ചെയ്യാവുന്നതുമാണ്. ഇപ്രകാരം പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലും നോട്ടീസിലും ഓരോ വ്യാപാരം/കച്ചവടം/തൊഴിൽ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം വ്യാപാരത്തിന്റെ സ്വഭാവം, വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സുതാര്യമായ മാനദണ്ഡ പ്രകാരം ഓരോ വ്യാപാരത്തേയും എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിക്കേണ്ടതും ചട്ടം 8ൽ പരാമർശിച്ചതും പട്ടിക I, II പ്രകാരമുള്ളതുമായ ലൈസൻസ് ഫീസ് ചുമത്താവുന്നതും ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നാലുടൻ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

എന്നാൽ നഗരസഭകൾക്ക് നിലവിലുള്ള ഷെഡ്യൂൾ പാസ്സാക്കാൻ നഗരസഭാ കൗൺസിൽ നാളിതുവരെ

യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നത് നഗരസഭയുടെ തനത് വരുമാനത്തിൽ കുറവ് വരാൻ കാരണമാകുന്നു. നിലവിലുള്ള ഷെഡ്യൂൾ പാസ്സാക്കാൻ വേണ്ട നടപടികൾ നഗരസഭാ കൗൺസിൽ സ്വീകരിക്കേണ്ടതാണ്. ലൈസൻസ് അനുവദിക്കുമ്പോൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അന്വേഷണം നടത്തുകയും അപേക്ഷയിലെ എല്ലാ ഭാഗങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും അന്വേഷണ റിപ്പോർട്ട്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ് , സെക്രട്ടറിയുടെ ഒപ്പ് തുടങ്ങിയവ രേഖപ്പെടുത്തുകയും ചെയ്ത ശേഷം മാത്രമാണ് ലൈസൻസ് അനുവദിക്കേണ്ടത്.

## 2-2 തൊഴിൽ നികുതി-അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 230 (1)ബി പ്രകാരമുള്ള തൊഴിൽ നികുതി ചില സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വളരെ തുച്ഛമായ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത്. കൂടാതെ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | അസസ്സ്മെന്റ് നമ്പർ | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 29 | ബി എസ് എൻ എൽ | I,II അർദ്ധ വർഷത്തെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല |
| 2 | 31 | ബീഡി വർക്കേഴ്സ് വെൽഫെയർ ഡിസ്പെൻസറി | II അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 3 | 43 | എവറസ്റ്റ് ഫൗണ്ടേഷൻ | II അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 4 | 58 | ഗവ.ഹോമിയോ ഡിസ്പെൻസറി, കൊണ്ടോട്ടി | I,II അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 5 | 64 | എച്ച് ഡി എഫ് സി ബാങ്ക് കൊണ്ടോട്ടി | I,II അർദ്ധ വർഷത്തെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല |
| 6 | 72 | കൽപക തയേറ്റർ | I,II അർദ്ധ വർഷത്തെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല |
| 7 | 79 | കൊണ്ടോട്ടി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | II അർദ്ധ വർഷത്തെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല |
| 8 | 92 | മാവേലി സ്റ്റോർ കോണ്ടോട്ടി | I അർദ്ധ വർഷത്തെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല |
| 9 | 96 | മുത്തൂറ്റ് ഫിൻകോർപ്പ് കൊണ്ടോട്ടി | II അർദ്ധ വർഷത്തെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല |
| 10 | 98 | ന്യൂ കവിത തീയേറ്റർ | I,II അർദ്ധ വർഷത്തെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ |

| | | | |
|---|---|---|---|
| | | | ഈടാക്കിയിട്ടില്ല |
| 11 | 109 | പോസ്റ്റ് ഓഫീസ് ചിറയിൽ | II അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 12 | 132 | ടാമറിന്റ് ഈസി ഹോട്ടൽ | I,II അർദ്ധ വർഷത്തെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല |

സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള തൊഴിൽ നികുതി റിട്ടേണുകൾ സ്വീകരിക്കുമ്പോൾ ശമ്പളം രേഖപ്പെടുത്തേണ്ടത് വസ്തുതാപരമാണോയെന്ന് പരിശോധിക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.22/25-10-2017ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 പരസ്യ നികുതി പിരിവ് - അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 271-ാം വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി പരിധിയിൽപെട്ട ഏതെങ്കിലും ഭൂമിയിലോ, ചുവരിൻമേലോ, പരസ്യപ്പലകയിൻമേലോ, എടുപ്പിൻമേലോ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും, സർക്കാരിന്റെ അംഗീകാരത്തോടുകൂടി കൗൺസിൽ പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും, വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി ചുമത്താവുന്നതാണ്. കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ പരസ്യ നികുതി പിരിവിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. മുനിസിപ്പാലിറ്റിയിൽ പരസ്യനികുതി പിരിക്കാനും, നിരക്ക് നിർണ്ണയിക്കാനുമുള്ള ഒരു ബൈ-ലോ നിലവിലില്ല. ഓഡിറ്റിനായി സമർപ്പിക്കപ്പെട്ടത് പഴയ കൊണ്ടോട്ടി പഞ്ചായത്തിന്റെ ബൈ-ലോ ആണ്.

2. ലേല-രജിസ്റ്ററിലെ രേഖകൾ, വാർഷിക-ധനകാര്യപത്രികയിലെ രേഖകളുമായി പൊരുത്തപ്പെടുന്നില്ല. ലേല-രജിസ്റ്റർ പ്രകാരം മുഴുവൻ തുകയും ലഭിച്ചതായി കാണുന്നു. വാർഷിക-ധനകാര്യപത്രികയിലെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഡിമാന്റ് (ഇൻകം എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | കളക്ഷൻ (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ബാലൻസ് (ബാലൻസ് ഷീറ്റ് പ്രകാരം) |
|---|---|---|
| 1,95,000 | 1,15,000 | 10,000 |

16/03/2016-ന് അടവാക്കിയ 80,000/- രൂപ 2015-16-ലെ വാർഷിക-ധനകാര്യപത്രികയിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിൽ അഡ്വാൻസ് കളക്ഷനായി രേഖപ്പെടുത്തേണ്ടതായിരുന്നു. പക്ഷെ ഇങ്ങനെ ചെയ്തിട്ടില്ല. ഇതുകാരണം തൻവർഷത്തെ കളക്ഷനിൽ കുടിശ്ശിക വന്നതായി കാണുന്നു.

## 2-4 ബിൽഡിംഗ് പെർമിറ്റ് തെറ്റായി ഈടാക്കി

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 11(3) പ്രകാരം II-ാം പട്ടികയിൽ നിർദേശിച്ചിട്ടുള്ള നിരക്കിൽ പെർമിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. ഇതുപ്രകാരം ഗണം A1ൽ വരുന്ന കെട്ടിങ്ങൾക്ക് 7 രൂപയും ബാക്കി ഗണങ്ങളിൽ വരുന്ന കെട്ടിങ്ങൾക്ക് 10 രൂപയും ഓരോ ച.മീറ്ററിനും ഈടാക്കേണ്ടതാണ്. എന്നാൽ ചില കെട്ടിങ്ങൾക്ക് പെർമിറ്റ് ഫീ തെറ്റായി ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പെർമിറ്റ് രജിസ്ററിലെ | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ ഗണം | തറവിസ്തീർണ്ണം (m2) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|

| | ക്രമ നം. | | | | | | |
|---|---|---|---|---|---|---|---|
| 1 | 29 | കാളങ്ങാടൻ സിദ്ദീഖ് | A1, പാർപ്പിടം | 96.7 | 96.7*7 = 677 | 359 | 318 |
| 2 | 117 | കദീജ | A1, പാർപ്പിടം | 137.05 | 137.05*7 = 959 | 504 | 455 |
| 3 | 122 | പ്രസിഡന്റ്, തുറക്കൽ എട്യൂക്കേഷനൽ ട്രസ്റ്റ് | B, വിദ്യാഭ്യാസം | 682 | 682*10 = 6820 | 4801 | 2019 |
| 4 | 219 | പി.ബീരാൻകുട്ടി ഹാജി, അൽ ഹിദായത്ത് സ്കൂൾ | B, വിദ്യാഭ്യാസം | 214.17 | 214.17*10 = 2142 | 1505 | 637 |
| | | | | ആകെ | 10598 | 7169 | 3429 |

കെട്ടിങ്ങളെ അവയുടെ ശരിയായ ഗണങ്ങളിൽ ഉൾപ്പെടുത്തി, ചട്ടങ്ങളിൽ നിർദേശിച്ചിട്ടുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ആകെ 3429/- രൂപ നഗരസഭയിലേക്ക് അടവാക്കേണ്ടതാണ്.

## 2-5 നിർമ്മാണ ക്രമവൽക്കരണം - അപാകതകൾ

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 144(3) പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ അപേക്ഷയുടെ കാര്യത്തിലെന്ന പോലെ തന്നെയായിരിക്കുന്നതാണ്. ചട്ടം 146(4) പ്രകാരം രാജിയാക്കൽ ഫീസ് പെർമിറ്റ് ഫീസിന്റെ രണ്ടിരട്ടിയായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച് സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഓഡിറ്റ് ഡയറക്ടർക്ക് നൽകിയ സ്പഷ്ടീകരണത്തിൽ (നം. 229813/ആർഡി 2/15 തസ്വഭവ തീ. 11.11.2015) ക്രമവൽക്കരണത്തിനുള്ള അപേക്ഷകളിൻമേൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങണം എന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റി യിലെ കെട്ടിങ്ങളുടെ ക്രമവൽക്കരണത്തിന് ഈടാക്കിയ നിരക്കിൽ അപാകതകൾ കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പെർമിറ്റ് രജിസ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ ഗണം | തറവിസ്തീർണ്ണം (m2) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 128 | മടവൻ അയിഷക്കുട്ടി | A1, പാർപ്പിടം | 178.21 | 178.21*7*3 = 3742 | 2535 | 1207 |
| 2 | 149 | മുഹമ്മദ്, വടക്കുംപിലാക്ക് | A1, പാർപ്പിടം | 142.4 | 142.2*7*3 = 2986 | 1041 | 1945 |
| 3 | 184 | അഹമ്മദ് കബീർ, വെളുത്തേടത്ത് | A1, പാർപ്പിടം | 212.63 | 212.63*7*3 = 4465 | 2982 | 1483 |
| 5 | 197 | മുകുന്ദൻ, ചേനങ്ങാടൻ | A1, പാർപ്പിടം | 125.47 | 125.47*7*3 = 2635 | 902 | 1733 |
| | | | | ആകെ | 13828 | 7460 | 6368 |

കെട്ടിട നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുമ്പോൾ നിലവിൽ പെർമിറ്റ് എടുക്കാത്ത സാഹചര്യത്തിൽ

പെർമിറ്റ് ഫീയുടെ മൂന്നിരട്ടി ഈടാക്കേണ്ടതാണ്. കുറവ് വന്ന 6368/- രൂപ മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 2-6 ഉമ്മാത്തുക്കുട്ടി, w/o ആലിപ്പു എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടവും സ്ഥലവും സംബന്ധിച്ച്

1. മുനിസിപ്പാലിറ്റിയിലെ കൊണ്ടോട്ടി വില്ലേജിലെ Block 12, 389/3, 389/5 നമ്പർ നഞ്ച വിഭാഗത്തിൽപ്പെടുന്ന സ്ഥലത്ത് തരം മാറി കെട്ടിടനിർമ്മാണം നടത്തുന്നതിന് ഉമ്മാത്തുക്കുട്ടി, w/o ആലിപ്പു എന്നവർക്ക് പെരിന്തൽമണ്ണ സബ് കളക്ടർ 12/06/1992- ന് അനുമതി നൽകിയിരുന്നു. സബ്കളക്ടറുടെ ഉത്തരവ് 3450/92 പ്രകാരം സർവ്വേ നം. 389/03 സ്ഥലത്ത് 10 സെന്റിൽ വീട് വെക്കുന്നതിനും, 389/05 സ്ഥലത്ത് 10 സെന്റിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള അനുമതി ലഭിച്ചതായി കാണുന്നു. എന്നാൽ ഈ രണ്ടു പ്ളോട്ടുകളും ഉൾപ്പെടുത്തി വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുകയും, മുനിസിപ്പാലിറ്റി അത് ക്രമവൽക്കരിച്ച് ബിൽഡിംഗ് നമ്പർ അനുവദിച്ചതായും കാണുന്നു (2056B മുതൽ 2056G വരെ). ബിൽഡിംഗിന്റെ സൈറ്റ് പ്ളാനിലും, തറവിസ്തീർണ്ണാനുപാതം കണക്കാക്കിയതിലും സർവ്വേ നം. 389/03 എന്ന സ്ഥലം ഉൾപ്പെടുത്തിയതായി കാണുന്നു. വീട് വെക്കാൻ അനുമതി ലഭിച്ച സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കാനുള്ള അനുമതി കൊടുത്തത് 1967-ലെ കേരള ഭൂവിനിയോഗ നിയമത്തിന്റെ ലംഘനമായി കണക്കാക്കേണ്ടതാണ്.

2. ഇതുകൂടാതെ ബിൽഡിംഗ് പ്ളാനിൽ ബിൽഡിംഗിന്റെ ഒന്നാം നിലയിലെ ടെറസ്സിൽ ട്രസ്സ് മേൽക്കൂര സ്ഥാപിച്ചതായി കാണുന്നു. ആ നിലക്ക് ഈ ഭാഗത്തിന്റെ വിസ്തീർണ്ണം കൂടി (96 ച.മീ) തറവിസ്തീർണ്ണം കണക്കാക്കുന്നതിന് ഉൾപ്പെടുത്തേണ്ടതാണ്. ബിൽഡിംഗ് ക്രമവൽക്കരണ ഫീസും, വസ്തു നികുതിയും കണക്കാക്കാൻ ഈ അധികഭാഗത്തിന്റെ വിസ്തീർണ്ണം കൂടി ഉൾപ്പെടുത്തേണ്ടതായിരുന്നു.
1) അധികമായി ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് = 96 * 10 * 3 = 2880
2) അധികമായി ഈടാക്കേണ്ട വസ്തു നികുതി = 96 * 40 = 3840
നഗരസഭയിലേക്ക് ആകെ അടവാക്കേണ്ട തുക = (1) + (2) = 6720/-

## 2-7 ക്വാർട്ടേഴ്സുകളെ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ വസ്തുനികുതി ഈടാക്കി

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ 4ാം ചട്ടപ്രകാരം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ കെട്ടിങ്ങളുടെ അടിസ്ഥാന വസ്തുനികുതി 01/11/2015 മുതൽ മുൻകാലപ്രാബല്യത്തോടെ മുനിസിപ്പൽ കൌൺസിൽ നിശ്ചയിച്ചതായി കാണുന്നു. (03/02/2017-ലെ VII(1)-ാം നമ്പർ തീരുമാനം). ഇതു പ്രകാരം കെട്ടിടങ്ങളെ അവയുടെ ഉപയോഗക്രമമനുസരിച്ച് തരം തിരിച്ച് പ്രത്യേകം നികുതി ചുമത്താൻ തീരുമാനിച്ചിട്ടുണ്ട്.

ഇതുപ്രകാരം മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള ക്വാർട്ടേഴ്സുകളെ അസംബ്ളി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, ലോഡ്ജ് എന്നിവ ഉൾപ്പെടുന്ന 6-ാംഗണത്തിലാണ് ഉൾപ്പെടുത്തേണ്ടത്. ഈ ഗണത്തിലുള്ള കെട്ടിടങ്ങൾക്ക് ഒരു ച.മീ തറവിസ്തീർണ്ണത്തിന് 30/- രൂപയാണ് ഈടാക്കേണ്ടത്. എന്നാൽ ക്വാർട്ടേഴ്സുകളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന 1-ാം ഗണത്തിൽ ഉൾപ്പെടുത്തി ഒരു ച.മീ തറവിസ്തീർണ്ണത്തിന് 6/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. ഇതുവഴി വസ്തുനികുതി വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഹൗസ് നം./വാർഡ് നം. | ഉടമസ്ഥന്റെ/ഉടമസ്ഥയുടെ പേര് | തറവിസ്തീർണ്ണം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|

| | | | (ച.മീ.) | | | |
|---|---|---|---|---|---|---|
| 1 | 386A-386F/4 | അബ്ദുൾ സലാം | 68 * 6 = 408 | 408*30 (-10%) = 11016 | 2202 | 8814 |
| 2 | 121D-121K/14 | ആടംബുലാൻ അബ്ദുൾ റഷീദ് | 409 | 12270 | 2454 | 9816 |
| 3 | 406A-406F/NP6 | ഉമ്മുസുൽമകുട്ടി കായപ്പുലാൻ | 38*6 = 228 | 228*30(+20%) = 8208 | 1650 | 6558 |
| | | | ആകെ | 31494 | 6306 | 25188 |

ക്വാർട്ടേഴ്സുകളെ അവയുടെ ഗണം മാറി നികുതി ഈടാക്കുക വഴി നഗരസഭക്ക് 25188/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

## 2-8 മൊബൈൽ ടവറുകളുടെ പെർമിറ്റ് സംബന്ധിച്ച്

1. മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ചില മൊബൈൽ ടവറുകൾ പെർമിറ്റ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞു. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 130 പ്രകാരം സെക്രട്ടറിയിൽ നിന്ന് അനുവാദം വാങ്ങാതെ യാതൊരാളും ഏതെങ്കിലും സർക്കാരിതര വാർത്താവിനിമയ ഗോപുരങ്ങളോ, വാർത്താവിനിമയ തൂണ് നിർമ്മാണങ്ങളോ/പുനർനിർമ്മാണങ്ങളോ നടത്താൻ പാടില്ലാത്തതാകുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 നുള്ള മറുപടിയിൽ ഒരു ടവറിന് പെർമിറ്റ് നൽകിയെന്നും, രണ്ട് ടവറുകളുടെ ഉടമസ്ഥർ ക്രമവൽക്കരണത്തിനുള്ള അപേക്ഷ നൽകിയിട്ടുണ്ടെന്നും പറയുന്നു. നഗരസഭാ പരിധിയിൽ സ്വാഭാവികമായും മൂന്നിൽ കൂടുതൽ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടാവണം. ആ നിലക്ക് എല്ലാ ടവറുകളുടേയും പരിശോധന നടത്തി പെർമിറ്റ് നൽകാനുള്ള/ക്രമവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പെർമിറ്റ് ഇഷ്യൂ രജിസ്റ്റർ പരിശോധനയിൽ ഇൻഡസ് ടവേർഴ്സ് എന്ന സ്ഥാപനത്തിന് 07/ 02/2017-ൽ മൊബൈൽ ടവർ പെർമിറ്റ് നൽകിയതായി കാണുന്നു. എന്നാൽ ഈ ടവർ പെർമിറ്റ് എടുക്കുന്നതിനു മുമ്പേ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതും നിർമ്മാണ ക്രമവൽക്കരണ നടപടിക്രമങ്ങളുടെ പരിധിയിൽ വരുന്നതുമാണ്. ആ നിലക്ക് ക്രമവൽക്കരണ ഫീസായി പെർമിറ്റിന്റെ മൂന്നിരട്ടി ഈടാക്കേണ്ടതായിരുന്നു (3*10,000 = 30,000) എങ്കിലും 10,000/- രൂപയേ ഈടാക്കിയിട്ടുള്ളൂ. അധിക തുകയായ 20,000/- രൂപ നഗരസഭയിലേക്ക് അടവാക്കേണ്ടതാണ്.

## 2-9 കെട്ടിട വാടക – രേഖകൾ അപൂർണ്ണം.

നഗരസഭയുടെ 2016-17 വർഷത്തെ വാടക വരവ് രേഖകൾ പരിശോധിച്ചതിൽ, താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) റൂമുകൾ വാടകക്ക് എടുത്ത വ്യക്തികളുടെയും, അത് സംബന്ധിച്ച ഭരണസമിതി തീരുമാനത്തിന്റെയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2) വാടക സംബന്ധിച്ച വാർഷിക സംക്ഷിപ്തം തയ്യാറാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3) മുൻവർഷങ്ങളിൽ കെട്ടിടം വാടകക്കെടുത്ത് തുടർന്ന് വരുന്ന കരാറുകാരുമായി പുതിയ കരാർ ചമച്ചിട്ടില്ല.

4) വാടക അടവാക്കുന്നതിന് വീഴ്ച വരുത്തിയവർക്കെതിരെ കരാർ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

കെട്ടിട വാടക കൃത്യമായി ഈടാക്കുന്നതിനും അടവാക്കാൻ വീഴ്ച വരുത്തുന്നവർക്കെതിരെ കരാർ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കേണ്ടതാണ്.

## 2-10 പരസ്യം സ്ഥാപിക്കുന്നത് - ഫീസ് ഈടാക്കിയിട്ടില്ല.

നഗരസഭ ബസ്സ്റ്റാന്റ് ബസ് വെയ്റ്റിംഗ് ഷെഡിന് മുകളിൽ നഗരസഭയുടെ അധീനതയിലുള്ള സ്ഥലത്ത് പരസ്യം സ്ഥാപിക്കുന്നതിന് താത്പര്യമുള്ള വ്യക്തികളെ തെരഞ്ഞെടുക്കുന്നതിന് പത്രപ്പരസ്യം നൽകിയതുപ്രകാരം ലഭിച്ച 8 ക്വട്ടേഷനുകളിൽ ഏറ്റവും കൂടിയ തുക ₹ 199000 ക്വാട്ട് ചെയ്ത ശ്രീ. ജംഷീർ s/o അഹമ്മദ്കുട്ടി എന്നയാളുടെ ക്വട്ടേഷൻ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ( V(4)(1)/ 23.07.2016 ). ഇയാളുമായി കരാർ ചമച്ച് തുക അടക്കുന്ന മുറക്ക് അനുവാദം നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഇക്കാര്യത്തിൽ പിന്നീട് നഗരസഭ യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല. ഉയർന്ന തുക ക്വാട്ട് ചെയ്ത വ്യക്തിക്ക് അംഗീകാരം സംബന്ധിച്ച അറിയിപ്പ് നൽകി. തുടർ നടപടി സ്വീകരിക്കാത്തത് മൂലം നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന ₹ 199000 നഷ്ടമായി.

നഗരസഭാ തീരുമാനം നടപ്പാക്കാത്തത് മൂലം നഷ്ടം വന്ന ₹ 199000 ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 2-11 ലേല തുക അടവാക്കിയിട്ടില്ല.

നഗരസഭാ കൗൺസിലിന്റെ 21.03.2016 ലെ 1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് കരാർ ചമച്ച താഴെ പറയുന്ന ലേല കരാറുകാർ തീരുമാന പ്രകാരമുള്ള മുഴുവൻ തുകയും അടച്ചതായി കാണുന്നില്ല.

| ഇനം | കരാറുകാരൻ | തുക | അടച്ച തുക |
|---|---|---|---|
| ബസ്സ്റ്റാന്റിൽ ടി.വി സ്ഥാപിച്ച് പരസ്യം ചെയ്യൽ | ശ്രീ അനൂപ് s/o അറുമുഖൻ | 15000 | 5000 |
| തെങ്ങുകളിൽ നിന്നുള്ള മേലനുഭവം | ശ്രീ.ബൈനാസ് റഹ്മാൻ | 4100 | 1000 |

കരാറുകാരിൽ നിന്നും ലഭിക്കാനുള്ള തുക ഈടാക്കുന്നതിന് നഗരസഭ നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ലഭ്യമാക്കാനുള്ള തുക പിഴ പലിശ സഹിതം ഉത്തരവാദികളിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-12 കെട്ടിട വാടക –യഥാസമയം തീരുമാനം എടുത്തില്ല ₹ 19200 നഷ്ടം

നഗരസഭയുടെ വനിതാ വ്യവസായ കേന്ദ്രം ₹ 1600 പ്രതിമാസ വാടകക്ക് ശ്രീ.അൻവർ s/o മുഹമ്മദ് പൂവത്തിങ്ങൽ എന്നയാൾ ലേലം ചെയ്തിരുന്നു. ഇത് വിശദമായ പരിശോധന നടത്തുന്നതിനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. (തീരുമാനം നമ്പർ 1 (2)/ 21.03.2016)

എന്നാൽ തുടർന്ന് സബ്കമ്മിറ്റി യോഗം ചേർന്ന് ഇക്കാര്യത്തിൽ തീരുമാനം ഒന്നും തന്നെ എടുത്തിട്ടില്ല. കൗൺസിലും ഇക്കാര്യത്തിൽ തുടർന്ന് തീരുമാനം ഒന്നും എടുത്തില്ല. മേൽ വ്യവസായ കേന്ദ്രത്തിന് 2016-17 വർഷത്തിൽ വാടകയൊന്നും ലഭിക്കുകയും ചെയ്തിട്ടില്ല.

ലേലം അംഗീകരിക്കുന്നതിന് കൗൺസിൽ യഥാസമയം തീരുമാനം എടുക്കാതിരുന്നത് മൂലം വാടകയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന ₹ 19200 നഷ്ടപ്പെട്ടു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പരിരക്ഷാ പദ്ധതി ചെലവ് : വൗച്ചറുകൾ പൂർണ്ണമായി ഹാജരാക്കിയില്ല.

പ്രൊജക്ട് നമ്പർ - 146/17 പരിരക്ഷാ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കൊണ്ടോട്ടി.

| | |
|---|---|
| വൗച്ചർ നമ്പർ - 21600583/27-09-16 | 220418/- |
| വൗച്ചർ നമ്പർ - 21601042/23-02-17 | 122350/- |
| വൗച്ചർ നമ്പർ - 4128320/24-03-17 | 114600/- |
| വൗച്ചർ നമ്പർ - 21601300/1-03-17 | 22600/- |
| ആകെ | 477968 |

ഈ പദ്ധതിക്ക് വേണ്ടി തനത് ഫണ്ടിൽ നിന്ന് 477968/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുമായി ബന്ധപ്പെട്ട മുഴുവൻ വൗച്ചറുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയത് തന്നെ അപൂർണ്ണമായ വൗച്ചറുകളാണ്. ട്രിപ്പ് ഷീറ്റ്, കൊട്ടേഷൻ, ഭക്ഷണ ചെലവിന്റെ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. ഫയലുകൾ കണ്ടെത്തി ഉടനെ ഹാജരാക്കാമെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ (നം.25/26-10-17) മറുപടിയിൽ മെഡിക്കൽ ഓഫീസർ അറിയിച്ചത്.

ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി മറുപടി ഹാജരാക്കുന്നത് വരെ ഈയിനത്തിലെ ചെലവ് 446868/- രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-2 മുനിസിപ്പാലിറ്റി വാഹനം-അപാകതകൾ

നഗരസഭക്ക് നിലവിൽ ഒരു ബഡ്സ് സ്കൂൾ ബസ് ഉൾപ്പെടെ മൂന്ന് വാഹനങ്ങളാണ് ഉള്ളത്. മേൽ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ മൂന്ന് വാഹനങ്ങളുടേയും ലോഗ് ബുക്കിൽ ഇന്ധനം നിറച്ച തിയ്യതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, കിലോമീറ്റർ റീഡിംഗ് തുടങ്ങിയവ രേഖപ്പെടുത്തിയതായോ ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായോ കാണുന്നില്ല. വാഹനങ്ങളുടെ ഫ്യുവൽ കൺസപ്ഷൻ ടെസ്റ്റ് നടത്തിയതായോ ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചതായും കാണുന്നില്ല. വാഹനങ്ങൾ സൂക്ഷിക്കുന്നതിന് പ്രത്യേക ഗ്യാരേജും ഇല്ല.

2000 -ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിൽ ചട്ടം 8(1) പ്രകാരം ആറ് മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസപ്ഷൻ ടെസ്റ്റ് നടത്തേണ്ടതും ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. ചട്ടം 8(4) പ്രകാരം വാഹനങ്ങൾ ഗ്യാരേജിൽ സൂക്ഷിക്കേണ്ടതും ചട്ടം 9 ൽ പരാമർശിച്ച പ്രകാരമുള്ള ഇന്ധനം നിറച്ച തിയ്യതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, കിലോമീറ്റർ റീഡിംഗ് തുടങ്ങിയവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 3-3 മരാമത്ത് പ്രവൃത്തി- അവലോകനം

2016-17 ൽ നഗരസഭയുടെ മൊത്തം വാർഷിക പദ്ധതി അടങ്കലിന്റെ 58 ശതമാനം

പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വകയിരുത്തിയത്. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്താൻ 84976956 അടങ്കലിൽ 294 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. ഇതിൽ 94 പ്രോജക്ടുകൾ മാത്രമാണ് തൻവർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്. ₹ 20976527 മാത്രമേ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ( 25 % )

ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, മൂന്ന് ഓവർസിയർമാർ ഉൾപ്പെടുന്ന എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗമാണ് ഇത്രയും പ്രൊജക്ടുകൾ നടപ്പാക്കേണ്ടത്. ഇതിൽ തന്നെ ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നിവരാണ് സ്ഥിരം തസ്തികയിൽ ഉള്ളത്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, പ്രാദേശിക ആസ്തി വികസന ഫണ്ട് എന്നിവ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെയും മേൽനോട്ടം നടത്തേണ്ടത് ഇതേ ജീവനക്കാർ തന്നെയാണ്.

എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് മരാമത്ത് പ്രവൃത്തി നടത്തിപ്പിന്റെ മേൽനോട്ടം അസാദ്ധ്യമാക്കുന്നുണ്ട്. എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യത്തിലാണ് മരാമത്ത് പ്രവൃത്തി നടത്തേണ്ടത് എങ്കിലും പ്രവൃത്തികളുടെ ആധിക്യം മൂലവും ജീവനക്കാരുടെ കുറവ് മൂലവും ഇത് പലപ്പോഴും സാധിക്കുന്നില്ല. ഇക്കാരണത്താൽ തന്നെ മരാമത്ത് പ്രവൃത്തികൾ നിശ്ചിത ഗുണനിലവാരത്തിൽ നടത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്താനും സാധിക്കുന്നില്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ

ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചാത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. <u>ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ</u>

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്റ്ററുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2 /2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.<u>ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.</u>

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ ചെലവുരേഖകൾ ശരിയായി സൂക്ഷിക്കുന്നില്ല. വിവിധ സാധനങ്ങൾക്ക് വാറ്റ് ബില്ല് അല്ല ഭൂരിപക്ഷം സമിതികളും സമർപ്പിച്ചിട്ടുള്ളത്. മെറ്റൽ, മണൽ എന്നിവ വാങ്ങുന്നതിന് യഥാർത്ഥബില്ല് ഒരു ഫയലിൽ പോലും കണ്ടെത്താൻ സാധിച്ചില്ല. സാധനങ്ങൾ ലഭ്യമാക്കിയതിന് വിവിധ വാഹന ഡ്രൈവർമാർക്ക് പണം നൽകിയതായ കൈപ്പറ്റ് രസീതി മാത്രമാണ് ലഭ്യമാക്കിയത്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർ റോൾ സഹിതം സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ്.

## 3-4 <u>ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് നിരതദ്രവ്യമായും ജാമ്യ നിക്ഷേപമായും ലഭിക്കുന്ന ഡെപ്പോസിറ്റുകളുടെ വിവരം പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ തന്നെ ഇത്തരം ഡെപ്പോസിറ്റുകൾ തിരിച്ച് കൊടുക്കുന്നതിന്റെ വിവരം എങ്ങും രേഖപ്പെടുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് തിരികെ ആവശ്യപ്പെട്ട് കരാറുകാർ നൽകുന്ന അപേക്ഷകളും

പ്രത്യേകമായി ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല.

രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കാലാവധി തീർന്ന ഡെപ്പോസിറ്റുകളെ സംബന്ധിച്ച വിവരവും ഡെപ്പോസിറ്റുകൾ കാലയളവ് തീരുന്നതിന് മുമ്പ് തിരികെ നൽകുന്നുണ്ടോ എന്ന വിവരവും പരിശോധിക്കാൻ സാധിക്കുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം ജാമ്യ നിക്ഷേപങ്ങൾ അവ തിരിച്ച് കൊടുക്കേണ്ട തീയ്യതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ കൈപ്പറ്റിയില്ലെങ്കിൽ കാലഹരണപ്പെടുന്നതും, അത്തരം നിക്ഷേപങ്ങൾ സർക്കാർ ഖജനാവിലേക്ക് മുതൽക്കൂട്ടാവുന്നതുമാണ്. ആയത് പ്രകാരം, ഓരോ വർഷാന്ത്യവും നീക്കിയിരിപ്പുള്ള നിക്ഷേപങ്ങളുടെ ഒരു സ്റ്റേറ്റ്മെന്റ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കേണ്ടതും, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഖണ്ഡികയിൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-5 <u>പിഴ ഊടാക്കുന്നില്ല</u>

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് പ്രവൃത്തി വൈകുന്ന ആദ്യ മൂന്ന് മാസത്തിന് PAC യുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും രണ്ട് ശതമാനം നിരക്കിലും പിഴ ഈടാക്കുന്നതാണെന്ന് എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പൂർത്തീകരണം വൈകിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല.

| പ്രവൃത്തി | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ട പിഴ |
|---|---|---|---|
| മൂച്ചിക്കുണ്ട് എസ്.സി കോളനി റോഡ് ടാറിംഗ്<br>PAC - 412498.71<br>കരാറുകാരൻ- ശ്രീ കെ കുട്ടിരായിൻ<br>കരാർ നമ്പർ - AE-38/15-16 Dt.4.3.16<br>ചെലവ് - 16/16-17 തി. 18.02.2017 ₹ 405779 | 01.07.2016 (120 ദിവസം) | 05.12.2016 | ₹ 10083<br>[02.07.2016 to 01.10.2016 @ 1% of 412498 = 4125,<br>02.10.2016 to 05.12.2016 – 65 days<br>65/90 x412498x2/100 = 5958] |
| കൃഷി ഭവൻ ചെപ്പിലിക്കുന്ന് റോഡ് റി ടാറിംഗ് (69/17)<br>PAC - 245105<br>കരാറുകാരൻ- ശ്രീ പി.പി നൗഷാദലി<br>കരാർ നമ്പർ - 21/AE/LSGD/KDY Dt.4.3.16<br>ചെലവ് - 19/16-17 തി. 23.03.2017 ₹ 245380 | 31.03.2016 (പ്രൊജക്ട് പ്രകാരം)<br>കരാറിൽ കരാർ ചമച്ച് 20 ദിവസത്തിനകം പൂർത്തീകരിക്കണമെന്നാണ് പറയുന്നത്. | 13.02.2017 | ₹ 14652<br>[01.04.2016 to 30.06.2016 @ 1% of 245105 = 2451<br>01.07.2016 to 30.09.2016 @ 2% of 245105 = 4902<br>01.10.2016 to 31.12.2016 @ 2% of 245105 = 4902<br>01.01.2017 to 13.02.2017 – 44 day |

| | | | |
|---|---|---|---|
| | | | 44/90x2 /100x245105 = 2397] |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് "നിയമസഭാ തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതിനാലും തുടർന്ന് കാലവർഷവും കാരണമാണ് പ്രവൃത്തി വൈകിയത്" എന്നാണ് മറുപടി നൽകിയത്. എന്നാൽ പ്രവൃത്തിക്ക് കരാർ ചമച്ചത് തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് മുമ്പാണ് എന്നതിനാലും ഇതേ നഗരസഭയിൽ ഇതേ തിയ്യതിയിൽ കരാർ ചമച്ച മറ്റ് പ്രവൃത്തികൾ ഇക്കാലത്ത് നടത്തിയിട്ടുണ്ട് എന്നതിനാലും മറുപടി അംഗീകരിക്കുന്നില്ല.

പിഴ ഇനത്തിൽ തുക ഈടാക്കാതെ ഫൈനൽബിൽ നൽകിയത് മൂലമുണ്ടായ നഷ്ടം ₹ 24735 ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-6 ടെണ്ടർ പ്രവൃത്തികൾ - അപാകതകൾ

2016-17 വർഷത്തിൽ നഗരസഭയിൽ ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രവൃത്തി പൂർത്തീകരണ കാലാവധി വ്യക്തമാക്കുന്നില്ല.

ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ ഒഴികെ മറ്റൊരു പ്രവൃത്തിയിലും പ്രവൃത്തി പൂർത്തീകരണ സമയം വ്യക്തമാക്കുന്നില്ല. കരാറുകാർക്കുള്ള സെലക്ഷൻ നോട്ടീസിൽ ടെണ്ടർ ഷെഡ്യൂൾ പ്രകാരമുള്ള സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കണം എന്ന് നിർദേശിക്കുന്നുണ്ടെങ്കിലും ടെണ്ടർ ഷെഡ്യൂളിൽ പ്രവൃത്തി പൂർത്തീകരണ സമയം വ്യക്തമാക്കുന്നില്ല. ഇതിനു പുറമെ കരാറിലും പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയം വ്യക്തമാക്കാത്തത് മൂലം പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വരുത്തുന്ന കരാറുകാരിൽ നിന്ന് നിശ്ചിത നിരക്കിൽ പിഴ ഈടാക്കാൻ സാധിക്കാതെ വരുന്നുണ്ട്.

2) PWD മാന്വൽ പ്രകാരം കരാർ ചമക്കുന്നില്ല.

പുതുക്കിയ PWD മാന്വൽ പ്രകാരം നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഈടാക്കേണ്ട പിഴ കണക്കാക്കുന്നതിന് മാറ്റം വരുത്തിയിട്ടുണ്ട്. പുതുക്കിയ രീതി പ്രകാരം ഒരു തവണ അനുവദിക്കാവുന്ന എക്സ്റ്റൻഷൻ ആകെ പ്രവൃത്തി കാലാവധിയുടെ 25% ആണ്. എന്നാൽ നഗരസഭയിൽ ചമച്ച മുഴുവൻ കരാറിലും പിഴ കണക്കാക്കുന്നതിന്റെ നിബന്ധന പരാമർശിച്ചിരിക്കുന്നത് പഴയ രീതിയിലാണ്. കൂടാതെ എല്ലാ കരാറിലും പ്രവൃത്തി 10 ദിവസത്തിനകം പൂർത്തീകരിക്കണം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

3) നിർദേശിക്കപ്പെട്ടതിലും കുറഞ്ഞ കാലയളവിലേക്കുള്ള ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നു.

സർക്കാർ ഉത്തരവു പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ കാലാവധി ഡിഫക്ട് ലയബിലിറ്റി പിരിയഡ് അവസാനിക്കുന്നത് വരെ ഉണ്ടായിരിക്കേണ്ടതാണ് . എന്നാൽ ഇതിലും കുറഞ്ഞ കാലയളവിലേക്കുള്ള ഡെപ്പോസിറ്റുകൾ സ്വകരിച്ചിരിക്കുന്നു.

ഭാവിയിൽ കരാർ പ്രവൃത്തികളിൽ അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 എസ്റ്റിമേറ്റ് പ്രകാരമല്ലാതെ പ്രവൃത്തി നടത്തി-₹ 19472 നഷ്ടം

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ മുസ്ല്യാരങ്ങാടി സബ്സെന്റർ

റിപ്പയർ
(375/17) എന്ന പ്രൊജക്റ്റിലാണ് അപാകത സംഭവിച്ചത്.
വിശദ വിവരം താഴെ നൽകുന്നു.

കൺവീനർ ശ്രീ മുഹമ്മദ് അതീഖ് കോട്ട

കരാർ 49/AE/LSGD/KDY/16-17 Dt.15.02.2017
എം. ബുക്ക് 90/16-17
ചെലവ് ₹ 100000 (ബിൽ നമ്പർ 55/16-17 തിയ്യതി 31.03.2017

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 2 പ്രകാരം 0.50 കനമുള്ള ഷീറ്റ് സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. മേൽ പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി എസ്റ്റിമേറ്റ് പ്രകാരം ഒരു ചതുരശ്ര മീറ്ററിന് ₹791.86 നിരക്കിൽ പണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.
നഗരസഭാ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 21.10.2017 ന് ഓഡിറ്റ് പാർട്ടി നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ പ്രവൃത്തി നടത്തിയത് 0.30 mm കനമുള്ള ഷീറ്റ് ഉപയോഗിച്ചാണ് എന്ന് വ്യക്തമായി.

0.50mmകനത്തിലുള്ള റൂഫിങ് ഷീറ്റ് മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ തദ്ദേശ സ്ഥാപനങ്ങൾ ഈ ഇനത്തിന് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി നിരക്ക് കണ്ടെത്തുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ 35mmകനത്തിലുള്ള GIട്രഫോൾഡ് ഷീറ്റിന് മലപ്പുറം ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ നിരക്ക് 559/sqm ആണ്. 0.30mmകനത്തിലുള്ള റൂഫിങ് ഷീറ്റിന് 0.50mmകനത്തിലുള്ള റൂഫിങ് ഷീറ്റിന്റെ നിരക്ക് നൽകിയത് വഴി സഗരസഭക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി ചെയ്ത അളവ് (sqm) | നൽകിയ തുക @ 791.86 sqm | നൽകാവുന്നത് @ 559 / sqm | അധികം |
|---|---|---|---|
| 84.79 | 67139.83 | 47397.61 | 19742.22 |

ഇത്തരത്തിൽ അധികം നൽകിയ തുക ₹ 19472 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-8 ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.

2016-17 വർഷത്തിൽ നഗരസഭ അംഗീകരിച്ച പദ്ധതി പ്രകാരം പശ്ചാത്തല മേഖലയിൽ 16 റോഡ് ടാറിംഗ് പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നു. ആകെ 5 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10.02.2017 ലെ 75/ഡി.എ1/2017 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ പദ്ധതി പ്രകാരം തൻവർഷം നടപ്പാക്കുന്ന പ്രവൃത്തികൾക്കാവശ്യമായി വരുന്ന ടാറിന്റെ അളവ് കണക്കാക്കി ആയത് പൊതുമേഖലാ എണ്ണക്കമ്പനികളിൽനിന്ന് നേരിട്ട് വാങ്ങി കരാറുകാർക്ക് വിതരണം ചെയ്യേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 01.03.2017 ലെ സ.ഉ സാ.ധാ 564/2017 നമ്പർ ഉത്തരവിൽ ടാർ വാങ്ങിനൽകുന്നതിന് സ്വീകരിക്കേണ്ടനടപടികൾ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വ്യക്തമായ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ടാർ വാങ്ങിനൽകി മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നഗരസഭ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

മേൽ ഉത്തരവിലെ നിർദേശപ്രകാരം ടാർവാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതാണ് ആകെയുള്ള 16 പ്രവൃത്തികളിൽ 13 പ്രവൃത്തികൾക്കും ടെണ്ടർ ചെയ്ത് കരാർ ചമച്ചതായിട്ടും 8 ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാനാകാതെ സ്പിൽ ഓവറാകാൻ കാരണമായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സർക്കാർ ഉത്തരവ് പാലിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-9 മരാമത്ത് പ്രവൃത്തിക്ക് -അധികം നിരക്ക് നൽകി ₹ 16560 നഷ്ടം

| | |
|---|---|
| പ്രവൃത്തി | പഞ്ചായത്ത് ഓഡിറ്റോറിയം പുനരുദ്ധാരണം |
| കരാറുകാരൻ | ശ്രീ. വി.പി അബ്ദുൽ നസീർ |
| കരാർ | AE/ 37/15-16/ KDY Dt. 04.03.2016-(6.1% കുറവ്) |
| സാങ്കേതികാനുമതി | AEE/LSGD/KTY/688/15-16 Dt. 17.09.2015 - ₹ 552000 |
| | AEE/LSGD/KTY/01/16-17 Dt. 25.02.2016 - ₹ 552000 (RTS) |
| എം ബുക്ക് | 114/15-16, 108/15-16 |
| ചെലവ് | 511994 (ബിൽ നമ്പർ 1/16-17 തിയ്യതി 20.10.2016 ) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഇനം 6 പ്രവൃത്തിയുടെ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കിയതിൽ തെറ്റ് സംഭവിച്ചിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | നൽകിയ നിരക്ക് | | അനുവദിക്കാവുന്നത്. | |
|---|---|---|---|---|
| Providing and fixing pre coated galvanized iron profile sheets-good quality the sheet shall be fixed using self drilling / self tapping screws of size with EPDM seal complete upto any pitch in horizontal/vertical or curved surfaces excluding the cost of purlins rafters and trusses and including cutting to the shapes whereever required | Details of cost for 216.14 sqm<br>Precoated Galvanized iron sheet 233.65sqm @225/sqm (MR) | 52571.30 | Details of cost for 216.14 sqm<br>Precoated Galvanized iron sheet 233.65sqm @225/sqm (MR) | 52571.30 |
| | carriage | 185.12 | carriage | 185.12 |
| | Galvanized steel Jor L | 5712 | Galvanized steel Jor L | 5712 |
| | Bitumen washer | 142.80 | Bitumen washer | 142.80 |
| | GI plain washer | 166.60 | GI plain washer | 166.60 |
| | Carriage of bolt | 14.35 | Carriage of bolt | 14.35 |
| | Sundries | 70.35 | Sundries | 70.35 |
| | Labor | | Labor | |
| | Mistry2.34@435 | 1017.90 | Mistry2.34@435 | 1017.90 |
| | Carpenter II class 9.34@399 | 3726.66 | Carpenter II class 9.34@399 | 3726.66 |
| | Beldar 9.34@329 | 3072.86 | Beldar 9.34@329 | 3072.86 |
| | Water charge | 666.8 | Water charge | 666.8 |
| | Cost Index Exept MR @1.3048 | 19279 | Cost Index Exept MR @0.3048 | 4503.42 |
| | Total | 86625.7 | Total | 71850.16 |

| | | | |
|---|---|---|---|
| For 1 sqm | 400.79 | For 1 sqm | 332.42 |
| CP&OH 15% | 60.12 | CP&OH 15% | 49.86 |
| Total | 460.9 | Total | 382.28 |
| For 1 sqm – 460.9 | | For 1 sqm – 382.28 | |

മേൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയത്മൂലം പഞ്ചായത്തിന് താഴെ പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ചെയ്ത അളവ് | അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം | 6.1 % ടെണ്ടർ കുറവ് പരിഗണിച്ച ശേഷമുള്ള നഷ്ടം |
|---|---|---|---|---|
| 224.86 sqm | 103637.97 @ 460.9 | 85959.48 @ 382.28 | 17678 | 16560 |

പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചത് മൂലമുണ്ടായ നഷ്ടം ₹ 16,560 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-10 ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- സർക്കാർ ഉത്തരവ് പാലിച്ചില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/16 തി. 11.01.2016 നമ്പർ ഉത്തരവ് പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതിന്റെ നടപടികൾ വിശദമാക്കിയിട്ടുണ്ട്. (ഖ. 7.18)

സർക്കാർ ഉത്തരവിലെ താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കാതെയാണ് നഗരസഭ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

1) അപേക്ഷകൾ അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ കരട് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

2) അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

3) മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ അർഹത രണ്ട് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

4)ഭൂരിപക്ഷം വാർഡ് സഭകളും അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ ക്രമപ്രകാരം നൽകിയ മാർക്ക് അടിസ്ഥാനത്തിലല്ല ഗുണഭോക്താക്കളെ അംഗീകരിച്ചിരിക്കുന്നത്. എന്നാൽ നഗരസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ എല്ലാ ഗുണഭോക്താക്കളുടെയും മാർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്.

5) വാർഡ് സഭ മുഖേന തെരഞ്ഞെടുക്കപ്പെടാത്ത ഗുണഭോക്താക്കളെ നഗരസഭ തെരഞ്ഞെടുത്തു.

എ) പശുവളർത്തൽ (വനിത) എന്ന പ്രൊജക്റ്റിൽ വാർഡ് 30 ൽ ശ്രീമതി സുഹറാബി മുണ്ടോടൻ ഹൗസ്, കുന്നത്തുപറമ്പ് കൊണ്ടോട്ടി എന്ന ഗുണഭോക്താവിനെ ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. (1(6)/19.12.2016) . എന്നാൽ ഈ ഗുണഭോക്താവിനെ വാർഡ് സഭ തെരഞ്ഞെടുത്തിട്ടില്ല.

ബി) പ്രൊഫഷനൽ വിദ്യാർത്ഥികൽക്ക് ലാപ്ടോപ്പ് എന്ന പ്രൊജക്റ്റിൽ വാർഡ് 29 ൽ ശ്രീ അനുപ്രസാദ് കളത്തിങ്ങൽ എന്ന ഗുണഭോക്താവിനെ ക്രമ നമ്പർ 13 ആയി ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.

(1(5)/19.12.2016) . എന്നാൽ ഈ ഗുണഭോക്താവിനെ വാർഡ് സഭ തെരഞ്ഞെടുത്തിട്ടില്ല.

5) വാർഡ് സഭ അംഗീകരിച്ച മുൻഗണനാലിസ്റ്റിന്റെ മുൻഗണനാക്രമം മാറ്റാതെയാണ് ഭരണസമിതി അംഗീകാരം നൽകേണ്ടത്. എന്നാൽ ഓഡിറ്റ് പരിശോധിച്ച " പശു വളർത്തൽ (വനിത) " എന്ന പ്രൊജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ വിവിധ വാർഡുകളിൽ വാർഡ് സഭ അംഗീകരിച്ച മുൻഗണനാ ക്രമം തെറ്റിച്ച് ഭരണസമിതി ഗുണഭോക്താക്കളെ അംഗീകരിച്ചിരിക്കുന്നു.( വാർഡ് 5, 29, 28, 30, )

6) അംഗീകൃത മുൻഗണനാലിസ്റ്റ് നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും അംഗീകരിക്കപ്പെട്ട ലിസ്റ്റിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കേണ്ടതുമാണ്.

## 3-11 കൗൺസിൽ തീരുമാനം നടപ്പാക്കിയ വിവരം ലഭ്യമല്ല.

നഗരസഭാ കൗൺസിലർ നഗരസഭയുടെ അനുമതി ഇല്ലാതെ നടത്തിയ യാത്രക്ക് കൈപ്പറ്റിയ യാത്രാബത്ത മുൻകൂർ തുക ₹ 2000 കൗൺസിലറിൽ നിന്നും ഈടാക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. (തീരുമാനം നം V(2)/ 23.07.2016 )

നഗരസഭാ തിരുമാനം നടപ്പാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-12 നിർമാണതൊഴിലാളി ക്ഷേമനിധി -അടവ് വിവരം ലഭ്യമല്ല.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ വിവിധ പ്രവത്തികളുടെ നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ ₹ 204905 ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക അടവാക്കിയതിന്റെ രേഖകൾ, കൈപ്പറ്റ് രസീത് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-13 നിർവഹണോദ്യോഗസ്ഥർക്ക് ബാങ്ക് അക്കൗണ്ട്- മുനിസിപ്പൽ അക്കൗണ്ട് ചട്ടത്തിന് വിരുദ്ധം

2016-17 വർഷ ഓഡിറ്റിന്റെ ഭാഗമായി നഗരസഭയിലെ വിവിധ നിർവഹണോദ്യോഗസ്ഥരുടെ രേഖകൾ, കൗൺസിൽ മിനുട്സ് എന്നിവ പരിശോധിച്ചതിൽ നിർവഹണോദ്യോഗസ്ഥർക്ക് തനത് ഫണ്ട് ചെലവ് ചെയ്യുന്നതിന് ബാങ്കുകളിൽ അക്കൗണ്ട് ആരംഭിച്ചതായും, സെക്രട്ടറി നിർവഹണോദ്യോഗസ്ഥരുടെ പേരിൽ നൽകുന്ന തനത് ഫണ്ട് ചെക്കുകൾ പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ച് പണം ചെലവഴിച്ചതായും കാണുന്നു. (ഹെഡ്മാസ്റ്റർ, ഹെൽത്ത് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എഞ്ചിനിയർ)

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച 12.04.2006 ലെ GO(P) 177/2006/Fin നമ്പർ ഉത്തരവ് പ്രകാരം നോൺ ബാങ്കിംഗ് ട്രഷറികളിൽ മാത്രമെ നിർവഹണോദ്യോഗസ്ഥർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളൂ. തുടർന്ന് ധനവകുപ്പിന്റെ 27.01.2017 ലെ 6/2017 നമ്പർ സർക്കുലർ പ്രകാരം ഡ്രോയിംഗ് &ഡിസ്ബേർസിംഗ് ഓഫീസർമാർക്ക് ആവശ്യമെങ്കിൽ പലിശ ലഭിക്കാത്ത ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇതല്ലാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി അല്ലാത്ത നിർവഹണോദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾ ചട്ടം 38(3) പ്രകാരം ചെക്ക് നൽകേണ്ടത് പണം യഥാർത്ഥത്തിൽ ആർക്കാണ് നൽകേണ്ടത് അയാളുടെ പേരിലായിരിക്കണം എന്നും വ്യക്തമായി നിർദേശിക്കുന്നുണ്ട്.

വിവിധ ഗുണഭോക്താക്കൾക്ക് പണം നൽകുന്നതിനുള്ള ചെക്ക് നിർവഹണോദ്യോഗസ്ഥരുടെ പേരിൽ നൽകുന്നത് മേൽ ചട്ടത്തിലെ നിർദേശത്തിന് വിരുദ്ധമാണ്.

നഗരസഭാ നിർവഹണോദ്യോഗസ്ഥർക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്ത് തുക നഗരസഭാ ഫണ്ടിൽ തിരിച്ചടക്കേണ്ടതുമാണ്.

## 3-14 അംഗൻവാടി അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

നഗരസഭാ പരിധിയിൽ ആകെ 51 അംഗൻവാടികളാണ് ഉള്ളത്. ആയതിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത് 44 എണ്ണത്തിന് മാത്രമാണ്. വാടക കെട്ടിടത്തിൽ 7 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. വൈദ്യുതി, ടോയ്‌ലറ്റ്, കുടിവെള്ളം എന്നീ സൗകര്യങ്ങളുള്ള അംഗൻവാടികളുടെ എണ്ണം യഥാക്രമം 47, 48, 38 എന്നിങ്ങനെയാണ്. 25 അംഗൻവാടികൾക്ക് മാത്രമാണ് കളിസ്ഥലം ഉള്ളത്.

ഗവൺമെന്റ് സർക്കുലർ നം. 31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22/03/2011 പ്രകാരം വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും എല്ലാ വർഷവും മെയ് 10നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2016-17 വർഷത്തിൽ പഞ്ചായത്തിലെ അംഗൻവാടികൾക്ക് ഒന്നിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടില്ല. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല. ആയതിനാൽ പഞ്ചായത്തിലെ എല്ലാ അംഗൻവാടി കെട്ടിടങ്ങളും പരിശോധിച്ച് ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങലിൽ മാത്രമാണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അംഗൻവാടികളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് - പ്രൊജക്ട് അപാകതകൾ

നിർവഹണം : ഹെഡ്മാസ്റ്റർ

പ്രൊജക്ട് നമ്പർ : 161/17 (ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് ഫോർ ജി.വി.എച്ച്.എസ്.എസ് കൊണ്ടോട്ടി)

ബിൽ നമ്പർ : 3/16-17 തിയ്യതി : 10-03-2017

തുക : 2,83,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)

മേൽ പ്രൊജക്ട് പ്രകാരം കൊണ്ടോട്ടി ജി.വി.എച്ച്.എസ്.സ്കൂളിന് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് തയ്യാറാക്കുന്നതിനാണ് തുക ചെലവഴിച്ചത്. പ്രൊജക്ട് നടത്തിപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

19-01-2017 ലെ കെൽട്രോണിന്റെ പ്രൊഫോമ ഇൻവോയ്സ് പ്രകാരം താഴെപ്പറയും പ്രകാരമാണ് സാധനങ്ങളുടെ വില കാണിച്ചത്.

| Sl No. | Description | Qty | Rate/Unit | Value |
|---|---|---|---|---|
| 1 | Desktop Computer | 7 | 24830 | 173810 |
| 2 | 600VA offline UPS | 7 | 2700 | 18900 |
| 3 | Orell Digital Language Lab Software | 1 | 80000 | 80000 |
| 4 | 8 Port switch with normal Networking for 8 Computers | 1 | 9800 | 9800 |
| 5 | Extra Per system Networking | 1 | 750 | 750 |
| Total | | | | 283260 |

ബിൽ പ്രകാരം 2,83,000 രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും മേൽ സാധനങ്ങൾ സപ്ലൈ ചെയ്തതിനും, പ്രവർത്തികൾ പൂർത്തീകരിച്ചതിനുമായി കെൽട്രോണിന് നൽകിയത് 282510 രൂപയാണ് (ഡി.ഡി നമ്പർ :

872602/03-05-2017). അധികമായി പിൻവലിച്ച 490 രൂപ തിരിച്ചടവാക്കേണ്ടതാണ്.

## 3-16 എൽ.എസ്.എസ് - യു.എസ്.എസ് പരിശീലനം അപാകതകൾ

2016-17 വർഷത്തിൽ ഹെഡ്മാസ്റ്റർ നടപ്പാക്കിയ എൽ.എസ്.എസ് - യു.എസ്.എസ് പരിശീലന പരിപാടി, മാതൃകാ പരീക്ഷ പ്രൊജക്ട് പ്രകാരം (പ്രൊജക്ട് നമ്പർ : 440/17) തനത് ഫണ്ടിൽ നിന്ന് 88,000 രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നമ്പർ, SB/JC 1600982/25.03.2017). 12748 രൂപ ചോദ്യ പേപ്പർ ഡി.ടി.പി, ഓണറേറിയം, ഫോട്ടോസ്റ്റാറ്റ് എന്നിവക്കായി ചെലവഴിച്ചിട്ടുണ്ട്. ബാക്കി വരുന്ന 75,252 രൂപ ചുവടെ ചേർക്കും പ്രകാരം മുനിസിപ്പാലിറ്റിയിലെ 12 സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്.

| സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | റിഫ്രഷ്മെന്റ് | സ്റ്റേഷനറി | ആകെ |
|---|---|---|---|---|
| GLPS തുറക്കൽ | 19 | 6175 | 760 | 6935 |
| GUPS നീറാട് | 13 | 4225 | 520 | 4745 |
| GMLPS കാഞ്ഞിരപ്പറമ്പ് | 12 | 3120 | 480 | 3600 |
| GMLPS കൊണ്ടോട്ടി | 5 | 1300 | 200 | 1500 |
| GMLPS കൊണ്ടോട്ടി, ചുങ്കം | 10 | 3250 | 400 | 3650 |
| GMLPS മേലങ്ങാടി | 19 | 4199 | 760 | 4959 |
| GMUPS കൊണ്ടോട്ടി | 53 | 17225 | 2120 | 19345 |
| GVHSS കൊണ്ടോട്ടി | 12 | 3900 | 480 | 4380 |
| GLPS നെടിയിരുപ്പ് | 9 | 1755 | 360 | 2115 |
| GMLPS നെടിയിരുപ്പ് | 12 | 2340 | 480 | 2820 |
| GMUPS ചിറയിൽ | 73 | 16133 | 2920 | 19053 |
| GWLPS നെടിയിരുപ്പ് | 5 | 1950 | 200 | 2150 |
| ആകെ | | | | 75252 |

ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/2016 ത.സ്വ.ഭ.വ തിയ്യതി 01-01-2016 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ മേഖലയിൽ ഇത്തരത്തിൽ പരിശീലന പ്രൊജക്ട് ഏറ്റെടുക്കാൻ മുനിസിപ്പാലിറ്റിക്ക് അനുമതിയില്ല.

2) മേൽ ഉത്തരവ് പ്രകാരം ഓണറേറിയമോ വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അദ്ധ്യാപകർ, വിദ്യാസമ്പന്നരായ യുവതി യുവാക്കൾ, എന്നിവരെ സംഘടിപ്പിച്ച് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാവുന്നതാണ്. എന്നാൽ എൽ.എസ്.എസ് - യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷക്ക് പരിശീലനം നൽകുന്നതിന് സർക്കാർ അനുമതി ഇല്ല.

3) പരിശീലനത്തിന് കുട്ടികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, സർക്കാർ മാർഗ്ഗരേഖ പാലിച്ച് കൊണ്ട് പ്രൊജക്ട് നടപ്പിലാക്കേണ്ടതുമാണ്.

## 3-17 മുൻകൂർ തുക ക്രമീകരിച്ചില്ല

2016-17 ലെ താഴെപ്പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | പേര് / തസ്തിക | തുക | കുറിപ്പ് |
|---|---|---|---|
| 21600378/18-07-2016 | മുനിസിപ്പൽ ചെയർമാൻ ശ്രീ. നാടിക്കുട്ടി | 2000 | ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് നൽകിയ സ്വീകരണ യോഗത്തിൽ പങ്കെടുക്കാൻ തിരുവനന്തപുരത്ത് പോവുന്നതിന് നൽകിയ TA അഡ്വാൻസ്. |
| 21600739/02-11-2016 | മുനിസിപ്പൽ ചെയർമാൻ ശ്രീ. നാടിക്കുട്ടി, 2 കൌൺസിലർമാർ | 6000 | തിരുവനന്തപുരത്ത് പോവുന്നതിന് ചെയർമാൻ, കൌൺസിലർമാർ എന്നിവർക്ക് നൽകിയ TA അഡ്വാൻസ്. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/28-10-2017) മുനിസിപ്പാലിറ്റി നൽകിയ മറുപടിയിൽ ക്രമവൽകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മുൻകൂറുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 ന്യൂട്രിമിക്സ് -ഗുണനിലവാരപരിശോധന കൃത്യമായി നടത്തുന്നില്ല

2016-17 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ/സി.ഡി.പി.ഒ നിർവഹണം നടത്തിയ അംഗൻവാടി അനുപൂരക പോഷകാഹാരം എന്ന പ്രൊജക്ടിന്റെ ഭാഗമായി അംഗനവാടികളിലേക്ക് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നത് പുലരി ന്യൂട്രിമിക്സ്, പുളിക്കൽ എന്ന സ്ഥാപനമാണ്.

സാമൂഹ്യ ക്ഷേമഡയറക്ടറുടെ ഐ.സി.ഡി.എസ്. ബി.3-312/2010 തിയ്യതി 05/06/2010, 01/02/2010 തീയ്യതികളിലെ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ മുകളിൽ പറഞ്ഞ സ്ഥാപനങ്ങളുടെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ നിശ്ചിത കാലയളവുകളിൽ പരിശോധിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

ഭക്ഷ്യ മിശ്രിതം പരിശോധനക്ക് വിധേയമാക്കി സുരക്ഷിതഭക്ഷണമാണ് വിതരണം ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-19 എസ്.എസ്.എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2016-17 വർഷത്തിൽ എസ്.എസ്.എ വിഹിതം നൽകുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക പിൻവലിച്ച് എസ്.എസ്.എ ക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | ബിൽ നമ്പർ | ഡി.ഡി നമ്പർ | തുക |
|---|---|---|---|
| 142/17 സർവ ശിക്ഷാ അഭിയാൻ (വികസന ഫണ്ട് ജനറൽ) | 1/16-17 തിയ്യതി : 27-12-2016 | 113810/04-01-2017 | 10,00,000 |
| 162/17 എസ്.എസ്.എ വിഹിതം (SCP) | 2/16-17 തിയ്യതി : 27-12-2016 | 113809/04-01-2017 | 500,000 |
| ആകെ | | | 15,00,000 |

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/16 തിയ്യതി 11.01.2016 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് മുനിസിപ്പൽ അധികാരികളും, മുനിസിപ്പാലിറ്റിയിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് മുനിസിപ്പാലിറ്റിയിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് മുനിസിപ്പാലിറ്റിയുടെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെ SSA ലഭ്യമാക്കിയ ഒരു സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ പണം നൽകുകയാണ് ചെയ്തത്.

2) <u>വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.</u>

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടില്ല.

മുൻകൂറായി SSA ക്ക് നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ്തുക 15,00,000 രൂപ തടസ്സം ചെയ്യുന്നു.

## 3-20 <u>വിവിധ പദ്ധതികൾ തുടർ നടപടി വിവരം ഇല്ല</u>

2016-17 വർഷത്തിൽ മുനിസിപ്പൽ സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രൊജക്ട് നടപ്പിലാക്കിയതിന്റെ തുടർ നടപപടി വിവരം ലഭ്യമല്ല.

| പ്രൊജക്ട് നമ്പർ | തുക | കുറിപ്പ് |
|---|---|---|
| SO 16/17 തെരുവ് വിളക്ക് - പുതിയ ലൈൻ സ്ഥാപിക്കൽ<br>ബിൽ നമ്പർ : 7/16-17 തി. 25-10-2016<br>വൌച്ചർ നമ്പർ : 21600703/26-10-2016<br>ഡി.ഡി നമ്പർ : 113306/27-10-2016 | 202950 രൂപ<br>വികസന ഫണ്ട് (ജനറൽ) | പുതിയ ലൈൻ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി കൊണ്ടോട്ടി ക്ക് നൽകിയത്. ലൈൻ സ്ഥാപിച്ച വിവരം ലഭ്യമല്ല, വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| SO 189/17 വയോമിത്രം<br>ബിൽ നമ്പർ : 9/16-17 തി. 13-12-2016 | 10,00,000 രൂപ<br>വികസന | തുക തിരുവനന്തപുരം സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകി. |

| | | |
|---|---|---|
| വൌച്ചർ നമ്പർ : 21600865/16-12-2016<br>ഡി.ഡി നമ്പർ : 113681/19-12-2016 | ഫണ്ട് (ജനറൽ) | തുക കൈപ്പറ്റിയതിന്റെ വിവരം, പ്രൊജക്ട് നടപ്പിലാക്കിയതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം ഇല്ല. |

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 1202950 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. അപാകതകൾ സമയബന്ധിതമായി പരിഹരിച്ച് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 3-21 ചെലവ് രേഖകൾ ലഭ്യമല്ല

2016-17 ലെ സെക്രട്ടറിയുടെ വൌച്ചർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ചെലവുകളുടെ വൌച്ചർ അനുബന്ധ രേഖകൾ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | തുക | വിവരണം | കുറിപ്പ് |
|---|---|---|---|
| 21600038/ 05-04-2016 | 5000 | 5 -ാം വാർഡ്, വാർഡ് സേവ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് കൌൺസിലർ ശ്രീ. വി.കെ മമ്മദിശക്ക് നൽകിയത് | ഫർണിച്ചർ വാങ്ങിയതിന്റെ ബില്ല് ഇല്ല |
| 21600054/ 15-04-2016 | 4920 | പഞ്ചായത്ത് രാജ് മാസിക വരിസംഖ്യ 04/15 to 3/16 പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയത് | തുക കൈപ്പറ്റിയ വിവരം, രശീതി ഇല്ല |
| 21600258/ 08-06-2016 | 5000 | 17 -ാം വാർഡ്, വാർഡ് സേവ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് കൌൺസിലർ ശ്രീ. പി. അഹമ്മദ് കബീറിന് നൽകിയത് | ഫർണിച്ചർ വാങ്ങിയതിന്റെ ബില്ല് ഇല്ല |
| 21600532/ 07-09-2016 | 2500 | എഞ്ചിനീയറിംഗ് വിംഗിലേക്ക് നെറ്റ് സെറ്റർ വാങ്ങിയത് | സ്റ്റോക്കിലെടുത്തതിന്റെ വിവരം |
| 21600638/ 05-10-2016 | 2800 | എഞ്ചിനീയറിംഗ് വിംഗിലേക്ക് നെറ്റ് സെറ്റർ വാങ്ങിയത് | സ്റ്റോക്കിലെടുത്തതിന്റെ വിവരം |
| 21600884/ 22-12-2016 | 49035 | മുനിസിപ്പാലിറ്റിയിലേക്ക് 2 കാട് വെട്ട് യന്ത്രം വാങ്ങിയത് | സ്റ്റോക്കിലെടുത്തതിന്റെ വിവരം |
| 21600887/ 22-12-2016 | 9000 | സ്പർശം - 16 ഭിന്നശേഷി ദിനാഘോഷത്തിന് SSA – BPO ക്ക് നൽകിയത് | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| | 78255 | | |

ചെലവ് തുക 78,255 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. അപാകതകൾ സമയബന്ധിതമായി പരിഹരിച്ച് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 3-22 വൌച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

2016-17 ലെ സെക്രട്ടറിയുടെ വൗച്ചർ പരിശോധിച്ചതിൽ മാർച്ച് മാസത്തിലെ 21601110 മുതൽ 21601165 വരെയുള്ള വൌച്ചറുകൾ, അവയുടെ അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ബിൽ രജിസ്റ്റർ പ്രകാരം മേൽ വൗച്ചറുകളിൽ 378133 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 33/28-10-17) മറുപടി ലഭ്യമാക്കിയില്ല. വൗച്ചർ അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-23 ചെലവ് രേഖകൾ ലഭ്യമല്ല

2016-17 ൽ കൊണ്ടോട്ടി സി.എച്ച്.സി യിലെ കണ്ടിജന്റ് ചെലവുകൾക്കായി മുനിസിപ്പാലിറ്റിയിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തുക പിൻവലിച്ച് നൽകിയതായി കാണുന്നു. എന്നാൽ വൗച്ചർ അനുബന്ധ രേഖകൾ, ബില്ലുകൾ എന്നിവ ഫയലിൽ ലഭ്യമല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | തുക | വിവരണം |
|---|---|---|
| 21600160/ 21-05-2016 | 1951 | ഇന്ധന ചാർജ് |
| 21600161/ 21-05-2016 | 521 | പ്രിന്റിംഗ് & സ്റ്റേഷനറി |
| 21600162/ 21-05-2016 | 2486 | ടെലഫോൺ ചാർജ് |
| 21600163/ 21-05-2016 | 26828 | വെയിസ്റ്റ് മാനേജ്മെന്റ് ചാർജ് |
| 21600270/ 13-06-2016 | 1408 | ടെലഫോൺ ചാർജ് |
| 21600271/ 13-06-2016 | 514 | ഇന്റർനെറ്റ് ചാർജ് |
| 21600272/ 13-06-2016 | 1000 | ഇന്ധന ചാർജ് |
| 21600273/ 13-06-2016 | 7990 | കുടിവെള്ള, വെയിസ്റ്റ് മാനേജ്മെന്റ് ചാർജ് |
| 21600274/ 13-06-2016 | 6950 | പ്രിന്റിംഗ് ചാർജ് |
| 21600275/ 13-06-2016 | 6705 | മൈക്ക് റെന്റ്, റിഫ്രഷ്മെന്റ് ചാർജ് |
| 21600276/ 13-06-2016 | 3200 | വാഹന വാടക |
| 21600277/ 13-06-2016 | 7401 | വാഹന ഇൻഷൂറൻസ് |
| 21600278/ 13-06-2016 | 11000 | വാട്ടർ ടെസ്റ്റിംഗ് ചാർജ് |
| 21600389/ 20-07-2016 | 6776 | വെയിസ്റ്റ് മാനേജ്മെന്റ് ചാർജ് |
| 21600390/ 20-07-2016 | 4211 | ഇന്ധന ചാർജ് |
| 21600391/ 20-07-2016 | 1910 | ടെലഫോൺ ചാർജ് |
| 21600392/ 20-07-2016 | 350 | ഇലക്ട്രിസിറ്റി ചാർജ് |
| 21600393/ 20-07-2016 | 3500 | സ്റ്റേഷനറി ചാർജ് |
| 21600457/ 08-08-2016 | 7740 | ഇന്ധന ചാർജ് |

| | | |
|---|---|---|
| 21600458/ 08-08-2016 | 2000 | വേതനം |
| 21600459/ 08-08-2016 | 2498 | ടെലഫോൺ ചാർജ് |
| 21600460/ 08-08-2016 | 2965 | ഓക്സിജൻ റീഫില്ലിംഗ് |
| 21600461/ 08-08-2016 | 9800 | രജിസ്റ്റർ പർചേസ് |
| 21600528/ 07-09-2016 | 5750 | വാഹന വാടക |
| 21600529/ 07-09-2016 | 1050 | സ്റ്റേഷനറി ചാർജ് |
| 21600530/ 07-09-2016 | 6500 | വാഹന ടയർ പർചേസ് |
| 21600531/ 07-09-2016 | 2170 | സാനിറ്റേഷൻ ചാർജ് |
| 21600651/ 18-10-2016 | 4750 | ഇന്ധന ചാർജ് |
| 21600652/ 18-10-2016 | 4331 | ടെലഫോൺ ചാർജ് |
| 21600653/ 18-10-2016 | 1650 | സ്റ്റേഷനറി ചാർജ് |
| 21600654/ 18-10-2016 | 495 | സാനിറ്റേഷൻ ചാർജ് |
| 21600655/ 18-10-2016 | 3000 | മരം മുറിക്കൽ കൂലി |
| 21600761/ 14-11-2016 | 24613 | ഇലക്ട്രിസിറ്റി ചാർജ് |
| 21600762/ 14-11-2016 | 2270 | ടെലഫോൺ ചാർജ് |
| 21600882/ 22-12-2016 | 17771 | ഇലക്ട്രിസിറ്റി ചാർജ് |
| 21600883/ 22-12-2016 | 1756 | ടെലഫോൺ ചാർജ് |
| 21600965/ 19-01-2017 | 17256 | ഇലക്ട്രിസിറ്റി ചാർജ് |
| 21600966/ 19-01-2017 | 1821 | ടെലഫോൺ ചാർജ് |
| 21600967/ 19-01-2017 | 2000 | ഇന്ധന ചാർജ് |
| 21601028/ 16-02-2017 | 66869 | ഇന്ധന ചാർജ്, മാലിന്യ സംസ്കരണം, ധോബി ചാർജ് |
| 21601052/ 27-02-2017 | 17775 | ഇലക്ട്രിസിറ്റി ചാർജ് |
| 21601053/ 27-02-2017 | 1977 | ടെലഫോൺ ചാർജ് |
| 21601259/ 30-03-2017 | 12175 | ഇലക്ട്രിസിറ്റി ചാർജ് |
| 21601260/ 30-03-2017 | 1989 | ടെലഫോൺ ചാർജ് |
| 21601261/ 30-03-2017 | 26840 | ധോബി ചാർജ് |
| | 344512 | |

ചെലവ് തുക 344512 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. സമയബന്ധിതമായി അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച്

തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 3-24 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കൊണ്ടോട്ടി), മെഡിക്കൽ ഓഫീസർ (ഹോമിയോ) എന്നീ നിർവഹണ ഉദ്യോഗസ്ഥർ 2016-17 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

(1) മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കൊണ്ടോട്ടി)

I. S00147/16-17, സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ/തിയ്യതി: 1/16-17 തി. 13-03-2017

തുക: 750,000 രൂപ (കെ.എം.സി.എൽ, തിരുനന്തപുരം)

II. S00148/16-17, മരുന്ന് വാങ്ങൽ (പി.എച്ച്.സി നെടിയിരുപ്പ്)

ബിൽ നമ്പർ/തിയ്യതി: 3/16-17 തി. 13-03-2017

തുക: 200,000 രൂപ (കെ.എം.സി.എൽ, തിരുനന്തപുരം)

III. S00151/16-17, മരുന്ന് വാങ്ങൽ (പാലിയേറ്റീവ് കെയർ യൂണിറ്റ്)

ബിൽ നമ്പർ/തിയ്യതി: 2/16-17 തി. 13-03-2017

തുക: 200,000 രൂപ (കെ.എം.സി.എൽ, തിരുനന്തപുരം)

IV. S00146/16-17, പരിരക്ഷ മരുന്ന് വാങ്ങൽ

ബിൽ നമ്പർ/തിയ്യതി: 4/16-17 തി. 13-03-2017

തുക: 200,000 രൂപ (കെ.എം.സി.എൽ, തിരുനന്തപുരം)

(2) മെഡിക്കൽ ഓഫീസർ (ഹോമിയോ)

I. S00293/16-17, കൊട്ടാശ്ശേരി ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ/തിയ്യതി: 3/16-17 തി. 27-02-2017

തുക: 75,000 രൂപ

മേൽ തുകക്കുള്ള മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1425000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി/ | പ്രവൃത്തിയുടെ പേര് | വൌച്ചർ/ബിൽ /ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | വിവരം ലഭ്യമല്ല | 799326 | 799326 | പൂർത്തീകരിച്ചു. യു.സിക്കായി കത്ത് നൽകിയിട്ടുണ്ട്. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

2016-17 വർഷത്തിൽ വായ്പയെടുത്തിട്ടില്ല.

വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | വീട് നിർമ്മാണം | വിവരം ലഭ്യമല്ല | 51,00,000 | 4080000 | 1020000 | 271662 | 3060000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2016-17 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,25,361 |
| തൻവർഷം നിക്ഷേപിച്ച തുക | 29,282(പലിശ) |
| ആകെ | 354643 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,54,643 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | 2016-17 |
|---|---|
| നെടിയിരുപ്പ് സർവ്വീസ് സഹകരണ ബാങ്ക് (എഫ്. ഡി Rt. നമ്പർ.002257) | 354643 |
| ആകെ | 354643 |

കുറിപ്പ്- മേൽ വിവരങ്ങൾ നഗരസഭയിൽ നിന്ന് ഹാജരാക്കിയ പ്രൊഫോർമ പ്രകാരമുള്ളതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2016-17 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 126847742.82 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,48,34,962 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,60,705 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 60767 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5375718 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-4 | 3429 | | ആർ. അനിൽകുമാർ , സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 2-5 | 6368 | | ആർ. അനിൽകുമാർ, സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 2-6 | 6720 | | ആർ. അനിൽകുമാർ , സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 2-7 | 25,188 | | ആർ. അനിൽകുമാർ , സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 2-8 | 20,000 | | ആർ .അനിൽകുമാർ , സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 2-10 | 1,99,000 | | ആർ .അനിൽകുമാർ , സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 3-5 | | 24,735 | ശ്രീ.സുനിൽകുമാർ.ബി, അസി. എഞ്ചിനിയർ |
| 3-7 | | 19,472 | ശ്രീ.സുനിൽകുമാർ.ബി, അസി. എഞ്ചിനിയർ |
| 3-9 | | 16560 | ശ്രീമതി.ജംഷീറ.പി അസി. എഞ്ചിനിയർ (8280 രൂപ), ശ്രീമതി.ബിന്ദു ജാസ്മിൻ, അസി. എക്സി. എഞ്ചിനിയർ (8280 രൂപ) |
| ആകെ | 2,60,705 | 60,767 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,46,868 | ഡോ. സുരേഷ്ബാബു.സി, മെഡിക്കൽ ഓഫീസർ(സി എച്ച് സി ) |
| 3-19 | 15,00,000 | ശ്രീ. ഗിരീഷ് കുമാർ, പ്രിൻസിപ്പാൾ |
| 3-20 | 12,02,950 | ശ്രീ. ആർ .അനിൽകുമാർ, അസി. സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 3-21 | 78,255 | ശ്രീ. ആർ. അനിൽകുമാർ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 3-22 | 378133 | ശ്രീ. സുനിൽകുമാർ. ബി., അസിസ്റ്റന്റ് എഞ്ചിനീയർ (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 3-23 | 3,44,512 | ശ്രീ. ആർ. അനിൽകുമാർ, അസി. സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) – |

| | | |
|---|---|---|
| | | 195270, ശ്രീ. മമ്മദ് അബ്ദുൽ ലത്തീഫ്.എൻ, ഹെഡ് ക്ളാർക്ക് (സെക്രട്ടറി ഇൻ ചാർജ്) – 21077, ശ്രീ. സുനിൽകുമാർ.ബി, അസി. എഞ്ചിനീയർ (സെക്രട്ടറി ഇൻ ചാർജ്) – 86621, ശ്രീ. ഫിറോസ് ഖാൻ. എ – 41544 |
| 3-24 | 13,50,000 | ഡോ. സുരേഷ്ബാബു.സി, മെഡിക്കൽ ഓഫീസർ (സി എച്ച് സി ) |
| 3-24 | 75,000 | ഡോ. മോഹൻകുമാർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 5375718 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആർ. അനിൽകുമാർ , സെക്രട്ടറി (ഇൻ ചാർജ്ജ്) | തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല | യദുകുലം , എലിയോട് പി. ഒ, കാക്കക്കോട്ടൂർ കൊല്ലം |
| ശ്രീ.സുനിൽകുമാർ.ബി, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കൊണ്ടോട്ടി നഗരസഭ | മാണിക്കം.ഹൗസ്, കിളിയലൽ്ലൂർ പി.ഒ, കൊല്ലം |
| ശ്രീമതി.ജംഷീറ.പി, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കൊണ്ടോട്ടി ബ്ളോക്ക് സബ്ഡിവിഷൻ | ചേരുവപ്പൽ ഹൗസ്, കാര്യവട്ടം, മണ്ണാർമല പോസ്റ്റ് |
| ശ്രീമതി.ബിന്ദു ജാസ്മിൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് | തണൽ, വീട്ടിക്കുന്ന്. റോഡ് ഇരിങ്ങാട്ടിരി പി.ഒ. കരുവാരക്കുണ്ട്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

1)നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| വർഷം | പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 5 | |
| 1997-98 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 8 | |
| 1998-99 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 3 | |
| 1999-00 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 6 | |
| 2000-01 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 3 | |
| 2001 -02 | എൽ.എഫ്.എം.7/1552/03 തി:30.10.2010 | 39 | |
| 2002 -03 | എൽ.എഫ്.എം.14/1186/08 തി:30.10.2010 | 17 | |
| 2003-04 | എൽ.എഫ്.എം.14/1187/08 തി:30.10.2010 | 10 | |
| 2004 -05 | എൽ.എഫ്.എം.14/841/09 തി:30.10.2010 | 5 | |
| 2005 -06 | എൽ.എഫ്.എം.14/842/09 തി:30.10.2010 | 20 | |
| 2007 -08 | എൽ.എഫ്.എം.7/121/12 തി:08.02.2012 | 8 | |
| 2008 -09 | എൽ.എഫ്.എം.7/122/12 തി:08.02.2012 | 11 | |
| 2009-10 2010-11 | എൽ.എഫ്.എം.7/783/13 തി:23.09.2013 | 15 | |
| 2011 -12 2012-13 | എൽ.എഫ്.എം.7/685/15 തി:10.04.15/28.04.15 | 12 | |
| 2013-14 2014-15 | എൽ.എഫ്.എം.7/1501/15 തി:13.08.2015 | 20 | |

2)കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.717-7/03 തി:14.10.2010 | 5 | |
| 1997-98 | എൽ.എഫ്.എം.7/1692/03 തി:14.10.2010 | 2 | |
| 1998-99 | എൽ.എഫ്.എം.7/1693/03 തി:14.10.2010 | 15 | |
| 1999-00 | എൽ.എഫ്.എം.7/1143/03 തി:14.10.2010 | 19 | |
| 2000-01 | എൽ.എഫ്.എം.7/1464/04 തി:14.10.2010 | 32 | |

| | | | |
|---|---|---|---|
| 2001 -02 | എൽ.എഫ്.എം.7/1465/04 തി:14.10.2010 | 11 | |
| 2002 -03 | എൽ.എഫ്.എം.14/1189/07 തി:14.10.2010 | 5 | |
| 2003-04 | എൽ.എഫ്.എം.14/1190/07 തി:14.10.2010 | 9 | |
| 2004 -05 | എൽ.എഫ്.എം.14/1191/07 തി:14.10.2010 | 9 | |
| 2005 -06 | എൽ.എഫ്.എം.16/1267(1)/10 തി:26.10.2010 | 7 | |
| 2006 -07 | എൽ.എഫ്.എം.16/1267(2)/10 തി:29.10.2010 | 5 | |
| 2007 -08 | എൽ.എഫ്.എം.6/2080/10 തി:20.04.2011 | 9 | |
| 2008-09 | എൽ.എഫ്.എം.6/2080/10 തി:20.04.2011 | 15 | |
| 2009 -10 2010-11 | എൽ.എഫ്.എം.6/380/13 തി:14.03.13 | 18 | |
| 2011-12 2012-13 | എൽ.എഫ്.എം.6/1359/14 തി:08.01.15 | 15 | |
| 2013-14 2014-15 | എൽ.എഫ്.എം.6/1949/15 തി:15.09.15 | 17 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-എം.പി.എം.25/2360 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :4-12-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ 31.03.2017 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊണ്ടോട്ടി നഗരസഭയുടെ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് – ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം.

പകർപ്പ്

1. മുനിസിപ്പൽ സെക്രട്ടറി, കൊണ്ടോട്ടി നഗരസഭ
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
3. റീജ്യണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്
4. കാര്യാലയ പ്രതി.

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM/25/2360/2017

Kerala State Audit Department
District Audit office, Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 4-12-2017

Certified that I have audited the Annual Financial Statement of Kondotty Municipality in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 295(4) of the Kerala Muncipality Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of certification of accounts of Municipalities.

In my opinion, the Financial Statements of Kondotty Municipality for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Senior Deputy Director
Malappuram

To

1. The Muncipal Secretary, Kondotty Municiaplity
2. The Director, Kerala State Audit Department, Thiruvananthapuram.
3. The Regional Joint Director, Kozhikode
4. Office Copy